**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2829** **10-03-2025 - ൽ മറുപടിയ്ക്ക്**

**പുതുപ്പള്ളി മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് പുതുപ്പള്ളി മണ്ഡലത്തിൽ നിലവിൽ നടന്നുവരുന്ന വികസന പ്രവർത്തനങ്ങൾ ഏതൊക്കെ; വിശദമാക്കുമോ; | (എ) | **പട്ടികവർഗ്ഗ വികസന വകുപ്പ്**<br><br>പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് പുതുപ്പള്ളി മണ്ഡലത്തിൽ പട്ടികവർഗ്ഗ കുടുംബങ്ങൾ കുറവായതിനാൽ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പോലുള്ള വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. എന്നാൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറ്റ് ക്ഷേമപദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.<br><br>**പട്ടികജാതി വികസന വകുപ്പ്**<br><br>ഭൂരഹിത പുനരധിവാസം, ഭവന പൂർത്തീകരണം, പഠനമുറി, വിവാഹധനസഹായം, മിശ്രവിവാഹ ധനസഹായം, ഏകവരുമാനദായകൻ മരണപ്പെട്ടാൽ കുടുംബത്തിന് നൽകുന്ന ധനസഹായം, വിദേശതൊഴിൽ ധനസഹായം, കോർപ്പസ് ഫണ്ട് (ഞണ്ടുകുളം നഗർ അടിസ്ഥാന സൗകര്യ വികസനം - വാകത്താനം ഗ്രാമപഞ്ചായത്ത്) തുടങ്ങിയവ പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് പുതുപ്പള്ളി മണ്ഡലത്തിൽ നിലവിൽ നടന്നു വരുന്നു. |
| (ബി) | നിലവിലെ സർക്കാരിന്റെ കാലയളവിൽ പുതുപ്പള്ളി മണ്ഡലത്തിൽ വകുപ്പ് പൂർത്തിയാക്കിയ വികസന പ്രവർത്തനങ്ങൾ ഏതൊക്കെ; വിശദമാക്കുമോ; | (ബി) | **പട്ടികവർഗ്ഗ വികസന വകുപ്പ്**<br><br>കോർപ്പസ് ഫണ്ട് ഉപയോഗിച്ച് മണർകാട് വളിയൂഴം ഉന്നതിയിൽ രണ്ട് പേർക്ക് വീടിന് സംരക്ഷണഭിത്തി സ്ഥാപിച്ചു നൽകി. 15 പേർക്ക് സേഫ് പദ്ധതി ധനസഹായം നൽകി. സ്വയം തൊഴിൽ പദ്ധതിയുടെ ഭാഗമായി 3 പേർക്ക് മരംവെട്ട് മെഷീൻ, ഒരാൾക്ക് വെൽഡിംഗ് മെഷീൻ എന്നിവയും അനുവദിച്ചിട്ടുണ്ട്. കൂടാതെ 74 പേർക്ക് ചികിത്സാ ധനസഹായവും നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | **<u>പട്ടികജാതി വികസന വകുപ്പ്</u>**<br><br>നിലവിലെ സർക്കാരിന്റെ കാലയളവിൽ പുതുപ്പള്ളി മണ്ഡലത്തിൽ വകുപ്പ് പൂർത്തിയാക്കിയ വികസന പ്രവർത്തനങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |
| (സി) | 2025-26 സാമ്പത്തിക വർഷത്തിൽ പുതുപ്പള്ളി മണ്ഡലത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതും ബജറ്റിൽ തുക വകയിരുത്തിയിരിക്കുന്നതുമായ ഏതൊക്കെ പ്രവൃത്തികൾ ഉണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | 2025-26 സാമ്പത്തിക വർഷത്തിൽ പ്രസ്തുത മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പ്രവർത്തികൾ സംബന്ധിച്ച പൂർണ്ണ വിവരം ലഭ്യമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

| പദ്ധതി | 2021-22 | | 2022-23 | | 2023-24 | | 2024-25 | |
|---|---|---|---|---|---|---|---|---|
| | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക |
| ഭവന പൂർത്തികരണം | 13 | 1545000 | - | - | - | - | - | - |
| സേഫ് പദ്ധതി | - | - | 5 | 710000 | 7 | 6515000 | - | - |
| മിശ്ര വിവാഹം | 1 | 75000 | 5 | 375000 | 3 | 225000 | 1 | 75000 |
| ചികിത്സാ ധനസഹായം | 12 | 295000 | 13 | 318000 | 8 | 165000 | 17 | 305000 |
| പഠനമുറി ധനസഹായം | 13 | 2600000 | 11 | 2170000 | 12 | 2310000 | - | - |
| വിവാഹ ധനസഹായം | 28 | 5925000 | 15 | 1325000 | 9 | 1125000 | 4 | 450000 |
| ഭൂരഹിത പുനരധിവാസ പദ്ധതി | 12 | 2475000 | 21 | 3150000 | 9 | 3375000 | 6 | 2250000 |
| ഏകവരുമാനദായകന്റെ മരണം | 2 | 400000 | 3 | 600000 | - | - | - | - |
| വിദേശ തൊഴിൽ | 2 | 150000 | 3 | 300000 | - | - | 1 | 100000 |
| സ്വയം തൊഴിൽ | - | - | - | - | - | - | - | - |
| പ്രോത്സാഹന സമ്മാനം | 22 | 114900 | 10 | 50500 | 4 | 14500 | - | - |
| ഞണ്ടുകളം നഗർ അടിസ്ഥാന സൗകര്യ വികസനം | - | - | | 1474607 | | | | |